**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 346** **23-07-2021 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ പഠനമുറി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സാമൂഹ്യ പഠനമുറി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥർ ആരാണെന്ന് അറിയിക്കാമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പ് ജില്ലാ ഓഫീസർമാരാണ് സാമൂഹ്യ പഠനമുറി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരമുള്ള ധനസഹായം നൽകുന്നതിന്റെ നടപടിക്രമം വ്യക്തമാക്കുമോ? | (ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഊരുകൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരുക്കുന്നതിനായി ഊരുകളിലെ കമ്മ്യൂണിറ്റി ഹാളുകളിലോ, സമാന ഇടങ്ങളിലോ സാമൂഹ്യപഠന മുറി പദ്ധതി നടപ്പിലാക്കി വരുന്നു. ഒരു സാമൂഹ്യ പഠന മുറിയിൽ 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരുമിച്ച് പഠനം നടത്തുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. സാമൂഹ്യ പഠന മുറി പദ്ധതിയിൽ വിദ്യാർത്ഥികൾക്ക് നേരിട്ട് യാതൊരുവിധ ധനസഹായവും നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ